(ബി) കോഴിവളർത്തൽ ലാഭകരമല്ലാതെ വന്ന സാഹചര്യത്തിൽ പല കർഷകരും ഈ മേഖലയിൽ നിന്നും പിന്മാറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കോഴികൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുളളത് ;

(ഡി) അന്യസംസ്ഥാനങ്ങളിൽനിന്നും ഗുണനിലവാരമില്ലാത്ത കോഴി ഇറക്കുമതി നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. എന്നാൽ മുട്ടക്കോഴി വളർത്തലിലും മുട്ട ഉല്പാദനത്തിലും ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന ഇറച്ചിക്കോഴി കുഞ്ഞുങ്ങളും മുട്ടക്കോഴിക്കുഞ്ഞുങ്ങളും രോഗബാധയില്ലാത്തവയാണ് എന്ന് ഉറപ്പുവരുത്തുവാനായി വെറ്ററിനറി ഡോക്ടർമാരുടെ സർട്ടിഫിക്കറ്റ് വേണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സംസ്ഥാന അതിർത്തി ചെക്ക്പോസ്റ്റുകളിൽ ഇതിന്റെ പരിശോധനയും കോഴികളുടെ ഗുണനിലവാര പരിശോധനയും നടത്തുന്നുണ്ട്.

## മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലെ പദ്ധതികൾ

**206 (1650)** ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മൃഗസംരക്ഷണവകുപ്പിന്റെ കീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെ പറയുന്ന പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയുണ്ടായി:

1. ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ കീഴിൽ മുട്ടയുടേയും പാലിന്റേയും ഉൽപ്പാദന വർദ്ധനയ്ക്കുള്ള പദ്ധതി (ഒറ്റത്തവണ കേന്ദ്രാവിഷ്കൃത പദ്ധതി-10 കോടി രൂപ).
2. സ്വയംതൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി വൈദഗ്ദ്ധ്യത്തിനുള്ള പരിശീലന പദ്ധതി. ഈ പദ്ധതിക്കായി 3 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1148/2013.

LIBRARY ARCHIVES Kerala Legislative Assembly

3. ഗ്രാമീണ പശ്ചാത്തല വികസന നിധി (ആർ.ഐ.ഡി.എഫ്.) മുഖേന കോഴിക്കോട് ജില്ലയിൽ തിരുവാങ്ങൂർ കേന്ദ്രമാക്കി ഒരു ആധുനിക കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

4. കാസർഗോഡ് ബദിയഡുക്കയിൽ നാടൻ ജനുസുകളെ സംരക്ഷിക്കുന്നതിന് ഉദ്ദേശിച്ച് ഒരു കന്നുകാലി ഫാം തുടങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

5. രണ്ട് ആധുനിക സഞ്ചരിക്കുന്ന മൃഗാശുപത്രികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

6. വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം ലഭ്യമാക്കുന്നതിന് ഒരു ബൃഹത്പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി (2012-13) വരുന്നു. ഇതിന് 6.5 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്.

7. ആഭ്യന്തര മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പിന്നാമ്പുറ കോഴി വളർത്തൽ പദ്ധതി ശക്തിപ്പെടുത്തുന്നതിനായി 10.42 കോടി രൂപ വകകൊള്ളിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു. നാല് കോടി രൂപ മൃഗസംരക്ഷണ വകുപ്പിലൂടെയും 6.42 കോടി രൂപ കെ.എസ്.പി.ഡി.സി.-യിലൂടെയും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

8. വകുപ്പിനു കീഴിലുള്ള കോട്ടയം ജില്ലയിലെ കാപ്പാട് പന്നി വളർത്തൽ കേന്ദ്രം ശക്തിപ്പെടുത്തുന്നതിനായി 4.89 കോടി രൂപ ഗ്രാമീണ പശ്ചാത്തല വികസന നിധിയിൽനിന്ന് അനുവദിക്കുകയും അതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

9. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം 19-ാം കന്നുകാലി സെൻസസിന്റെ കണക്കെടുപ്പുകൾ പൂർത്തിയാക്കി ക്രോഡീകരണ നടപടികൾ കൈക്കൊണ്ടുവരുന്നു.

10. കണ്ണൂർ ജില്ലയിൽ കൊമേരി കേന്ദ്രീകരിച്ച് ഒരു താറാവു വളർത്തൽ യൂണിറ്റ് സ്ഥാപിച്ചുവരുന്നു.

11. മാട്ടുപ്പെട്ടിയിൽ കെ.എൽ.ഡി. ബോർഡിന്റെ കീഴിൽ ഒരു ഹൈടെക്ക് ഡെയറി ഫാം തുടങ്ങുന്നതിന് സാധിച്ചു.

12. വകുപ്പിന്റെ കീഴിലുള്ള കന്നുകാലി ഫാമുകളായ കുരിയോട്ടുമല, വിതുര കെ.എൽ.ഡി. ബോർഡിന്റെ കീഴിലുള്ള കോലാഹലമേട് ഫാം എന്നിവയെ ആധുനിക കന്നുകാലി ഫാമുകളായി ഉയർത്തുന്നതിന് 13-ാം ധനകാര്യ കമ്മീഷനിലൂടെ 60 കോടി രൂപ ലഭ്യമാക്കി നടപടി സ്വീകരിച്ചുവരുന്നു.

13. കുടപ്പനക്കുന്ന് കേന്ദ്രീകരിച്ച് ആധുനിക മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ക്ലിനിക്ക് തുടങ്ങുന്നതിന് 5.1 കോടി രൂപ 13-ാം ധനകാര്യ കമ്മീഷനിലൂടെ ലഭ്യമാക്കി നടപടി സ്വീകരിച്ചുവരുന്നു.

14. കുരിയോട്ടുമലയിൽ ഹൈടെക്ക് പൗൾട്രി ഫാം, കേരള പൗൾട്രി വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിന് 10 കോടി രൂപ 13-ാം ധനകാര്യ കമ്മീഷനിലൂടെ ലഭിക്കുകയും നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

15. മൃഗസംരക്ഷണ മേഖലയിൽ സ്വയംതൊഴിൽ കണ്ടെത്തുന്നതിന്റെ ഭാഗമായി വൈദഗ്ദ്ധ്യം നേടുന്നതിനുള്ള പരിശീലനങ്ങൾ, സംരംഭകരെ വികസിപ്പിച്ചെടുക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

16. ആലപ്പുഴ ജില്ലയിൽ ജില്ലാ വെറ്ററിനറി കേന്ദ്രത്തിന് ഒരു പുതിയ മന്ദിരം ലഭ്യമാക്കി.

17. നിരണം ഡക്ക് ഫാം നവീകരിക്കുന്നതിന്റെ ഭാഗമായി കുട്ടനാട് പാക്കേജിൻ കീഴിൽ 13-ാം ധനകാര്യ കമ്മീഷനിലൂടെ 5.85 കോടി രൂപ അനുവദിക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

### മൃഗസംരക്ഷണ വകുപ്പിലെ ഒഴിവുള്ള തസ്തികകൾ

**207 (1651)** ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ മൃഗസംരക്ഷണ വകുപ്പിന് കീഴിൽ എത്ര സ്ഥാപനങ്ങൾ നിലവിലുണ്ടെന്നും ഇതിൽ എത്ര തസ്തികകൾ ഒഴിവുണ്ടെന്നും ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ 48 മൃഗാശുപത്രികളും 62 ഐ.സി.ഡി.പി. സബ് സെന്ററുകളും ഉണ്ട്. ഇതിൽ 5 തസ്തികകളിലായി 24 ഒഴിവുകൾ ഉണ്ട്.

| | |
|---|---|
| വെറ്ററിനറി സർജൻ | .. 9 |
| ഫീൽഡ് ഓഫീസർ | .. 3 |
| ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ | .. 10 |
| ലാബ് ടെക്നീഷ്യൻ | .. 1 |
| ഡ്രൈവർ | .. 1 |
| ആകെ | 24 |

### കൃഷി ഓഫീസർമാരുടെയും മൃഗഡോക്ടർമാരുടെയും നിയമനം

**208 (1652)** ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പു സാമ്പത്തിക വർഷം കോഴിക്കോട് ജില്ലയിൽ കൃഷി വകുപ്പ് അനുവദിച്ച തുകയിൽ എത്ര ശതമാനം ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ;